


മോഡിയുമായുള്ള ഇഷ്യൂ ഉണ്ടായപ്പോൾ പലരും എന്നോട് പറഞ്ഞു:
എന്തിനാ വെറുതെ റിസ്കെടുക്കുന്നേ. **ആർ.ബി. ശ്രീകുമാർ സംസാരിക്കുന്നു**


₹ 12

# ചന്ദ്രിക

ഡിസംബർ 17-23

ആഴ്ചപ്പതിപ്പ്


# തീവ്രവാദവേട്ട

## എന്ന സ്ഥിരം (ഇന്ത്യൻ) നാടകവേദി

സി. ദാവൂദ് | സിദ്ദീഖ് എൻ.എം | മധു ഇറവങ്കര | പ്രൊഫ.സൈക്കോ മുഹമ്മദ്



# കലാപങ്ങൾ കാട്ടുതീയാ



**ആർ.ബി. ശ്രീകുമാർ**
*മുൻ ഡി.ജി.പി, ഗുജറാത്ത്*


*തയ്യാറാക്കിയത്:*
*ടി. മൻസൂറലി*

**വി**വിധ മതസമുദായങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും ദീർഘമായ ഒരു ചരിത്രമുള്ള രാജ്യമാണ് ഇന്ത്യ. ഏത് മത വിഭാഗത്തിൽപെട്ടവർക്കും സ്വതന്ത്രവും ഭയരഹിതവുമായി ജീവിക്കാനാവശ്യമായ സൗകര്യങ്ങൾ നമ്മുടെ ഭരണാധികാരികൾ എക്കാലവും ഒരുക്കിക്കൊടുത്തിരുന്നു. ഇന്ന് വർദ്ധിച്ചുവരുന്ന വർഗീയത ഇന്ത്യയുടെ പാരമ്പര്യത്തിന് എതിരാണ്. മതേതരത്വത്തിന്റെ വലിയൊരു പാരമ്പര്യമായിരുന്നു മറ്റ് ദേശങ്ങളിൽ നിന്ന് നമ്മെ വേർതിരിച്ച് നിർത്തിയിരുന്നത്. സർവ്വസമഭാവനയായിരുന്നു നമ്മുടെ പാരമ്പര്യം. ഇന്ത്യയുടെ ഇപ്പോഴത്തെ സ്ഥിതി യൂറോപ്പിലെ മധ്യകാലഘട്ടത്തിലേതിന് തുല്യമാണ്. പോപ്പുമാരും പുരോഹിതരും മതകാര്യങ്ങളിൽ നിന്ന് മാറി രാജ്യഭരണത്തിൽ ഇടപെട്ട് യൂറോപ്പിനെ തകിടം മറിച്ചല്ലോ, അതേപോലെയാണ് ഇന്ന് ഇന്ത്യയുടെ സ്ഥിതിയും. പലപ്പോഴും രാഷ്ട്രീയക്കാരും ഭരണക്കാരും മുല്ലമാരുടെ താടിയിലും ബിഷപ്പുമാരുടെ ളോഹയിലും, സന്യാസിമാരുടെ കാവിയിലും കുടുങ്ങിക്കിടപ്പാണ്. കാര്യങ്ങൾ തീരുമാനിക്കുന്നത് ഇവരാണ്. വോട്ടു ബാങ്കാണ് എല്ലാവരും. രാഷ്ട്രീയക്കാരുടെ, ഭരണകൂടത്തിന്റെ ഇത്തരം സമീപനങ്ങളാണ് ഇന്ത്യയിൽ വർഗീയത വളരാൻ കാരണം. സ്വന്തം അമ്മയെ കെട്ടിപ്പിടിച്ചില്ലേൽ പോ

ഇന്ത്യയുടെ ഇപ്പോഴത്തെ സ്ഥിതി യൂറോപ്പിലെ മധ്യകാലഘട്ടത്തിലേതിന് തുല്യമാണ്. പോപ്പുമാരും പുരോഹിതരും മതകാര്യങ്ങളിൽ നിന്ന് മാറി രാജ്യഭരണത്തിൽ ഇടപെട്ട് യൂറോപ്പിനെ തകിടം മറിച്ചു. അതേപോലെയാണ് ഇന്ന് ഇന്ത്യയുടെ സ്ഥിതിയും. പലപ്പോഴും രാഷ്ട്രീയക്കാരും ഭരണക്കാരും മുല്ലമാരുടെ താടിയിലും ബിഷപ്പുമാരുടെ ളോഹയിലും, സന്യാസിമാരുടെ കാവിയിലും കുടുങ്ങിക്കിടപ്പാണ്. കാര്യങ്ങൾ തീരുമാനിക്കുന്നത് ഇവരാണ്. വോട്ടു ബാങ്കാണ് എല്ലാവരും. രാഷ്ട്രീയക്കാരുടെ, ഭരണകൂടത്തിന്റെ ഇത്തരം സമീപനങ്ങളാണ് ഇന്ത്യയിൽ വർഗീയത വളരാൻ കാരണം.

# കാതിരിക്കാൻ





ലും സ്വാമിനിമാരേയും സ്വാമിജിമാരേയും കെട്ടിപ്പിടിച്ച് നിൽക്കുന്ന ഫോട്ടോ എല്ലാ രാഷ്ട്രീയക്കാരുടെ കൈയിലും കാണാം. വോട്ട് പിടിക്കാൻ ആരുടെ കൂടെ നിൽക്കാനും ഇവർ തയ്യാറാണ്.

മതസൗഹാർദ്ദത്തിന്റെ വലിയ പാരമ്പര്യമാണ് ബാബ്റി മസ്ജിദിന്റെ തകർച്ചയിലൂടെ ഇല്ലാതായത്. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമര കാലത്ത് ആ മുന്നേറ്റത്തിൽ പങ്കെടുത്തവരിലധികവും ഹിന്ദു മതത്തിലെ ഉയർന്ന ജാതിക്കാരായ രാജാക്കന്മാരും, പോരാളികളും ആയിരുന്നു. എന്നിട്ടുമവർ ഇന്ത്യയുടെ രാജാവായി അവരോധിച്ചത് മുഗൾ ചക്രവർത്തിമാരുടെ പിൻതുടച്ചക്കാരായ ബഹദൂർ ഷാ സഫറിനെയായിരുന്നു. അത്തരം സൗഹാർദ്ദത്തിന്റേയും വിശ്വാസത്തിന്റേതുമായ ഒരു പാരമ്പര്യമാണ് നമുക്കുണ്ടായിരുന്നത്. ഈ പാരമ്പര്യം ഇങ്ങ് കേരളത്തിലും കാണാം. കോഴിക്കോട് സാമൂതിരിയെ രക്ഷിക്കാൻ, രാജ്യം സംരക്ഷിക്കാൻ മുമ്പിൽ നിന്നത് കുഞ്ഞാലിമരക്കാർ ആയിരുന്നല്ലോ. നമ്മുടെ ഈ സൗഹാർദ്ദത്തെ തകർക്കാനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന തന്ത്രമുപയോഗിച്ച് ഹിന്ദുക്കളേയും മുസ്‌ലിംകളെയും തമ്മിലടിപ്പിക്കുന്നതിൽ അവർ വിജയം കാണുകയും ചെയ്തു.

മതേതരത്വവും, സഹിഷ്ണുതയുമൊക്കെ നാം കുഞ്ഞുനാളിലേ പഠിക്കേണ്ടതാണ്. എന്നെ സെക്യുലറിസത്തിന്റെ ആദ്യ പാഠങ്ങൾ പഠിപ്പിച്ചത് എന്റെ അമ്മയാണ്. പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള എന്റെ അമ്മക്ക് ഖുർആനെക്കുറിച്ചോ, ഇസ്‌ലാമിനെക്കുറിച്ചോ ഒന്നും അറിയില്ല. എസ്.എസ്.എൽ.സി. പരീക്ഷക്ക് പോവുമ്പോൾ അമ്മ പറഞ്ഞു ഞങ്ങളുടെ അടുത്തുള്ള തൈക്കാട് പള്ളിയിൽ പോവാൻ. ഞങ്ങൾ സുഹൃത്തുക്കൾ, ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്‌ലിംകളുമായ എല്ലാവരും ഒരുമിച്ച് പോയാണ് പള്ളിയിൽ പണമിട്ടത്.

ഇങ്ങനെ നോക്കുമ്പോൾ എന്റെ അമ്മയെപ്പോലുള്ള നിരവധി അമ്മമാരാണ് സെക്യുലറിസത്തിന്റെ ആദ്യ പാഠങ്ങൾ നമുക്ക് മുമ്പിൽ അവതരിപ്പിച്ചത് എന്ന് കാണാം. നിങ്ങൾ നാഗൂരിലോ അജ്മീരിലോ പോയിട്ടുണ്ടോ. തമിഴ്നാട്ടിലെ നാഗൂരിൽ പോയാൽ അവിടെയെത്തുന്ന ഭക്തരിൽ അറുപത് ശതമാനവും നോൺ മുസ്‌ലിം ആണ് എന്ന് കാണാനാവും. അജ്മീർ ശരീഫിലും ഇങ്ങനെ തന്നെ. അവിടെ വരുന്നവരിൽ വലിയൊരു വിഭാഗം ഹിന്ദുക്കളാണ്. ഇവിടെയാണ് നമുക്ക് ഇന്ത്യയുടെ സെക്യുലറിസം കാണാൻ കഴിയുക. അവിടെയൊന്നും ഒരു വേർതിരിവുമില്ല. നമുക്ക് മുമ്പിലുള്ള ഈ സെക്യുലറിസ്റ്റ് മാതൃകയെ തകർക്കുകയാണ് ഹിന്ദുത്വ തീവ്രവാദികളും, മുസ്‌ലിം തീവ്രവാദികളും ചെയ്യുന്നത്. നമ്മുടെ പാരമ്പര്യമായ സെക്യുലറിസത്തെ തിരിച്ച് പിടിക്കാൻ നമുക്ക് വിശ്വാസികളുടേതായ ഒരു കൂട്ടായ്മ വേണ്ടിയിരിക്കുന്നു. അത്തരമൊരു കൂട്ടായ്മ എന്റെ സ്വപ്നമാണ്. അതിനായി ഞാനൊരു പേര് തന്നെ കണ്ട് വെച്ചിട്ടുണ്ട്. സിറ്റിസൺ ഫോർ ഡമോക്രസി ആന്റ് സെക്യുലറിസം.


വർഗീയത എന്നത് ഒരു മനോഭാവമാണ്. ഒരു മൈന്റ് സെറ്റാണ്. മനുഷ്യന്റെ എല്ലാതരം പ്രവർത്തനങ്ങളേയും സ്വഭാവത്തേയും സ്വന്തം മതത്തിന്റെ താൽപര്യത്തിന് വേണ്ടി മാത്രം അപഗ്രഥിച്ച് വിനിയോഗിക്കുകയാണത്. വർഗീയവാദി വ്യക്തിപരമായും, സമുദായത്തിലെ അംഗമെന്ന നിലയിലും പൊതുവിഷയങ്ങളെയൊക്കെ നോക്കിക്കാണുന്നത് തന്റെ മതത്തിന്റെ സങ്കുചിതവും വിഭാഗീയവുമായ കാഴ്ചപാടിലൂടെയായിരിക്കും. മതവർഗീയവാദിയെ സംബന്ധിച്ചിടത്തോളം ഹിന്ദുവായാലും മുസ്‌ലിമായാലും ക്രിസ്ത്യാനിയായാലും മനുഷ്യജീവിതവും അതിന്റെ സ്വഭാവവും ചരിത്രവുമൊക്കെ വീക്ഷിക്കപ്പെടുന്നത് വർഗീയതയുടെ അടിസ്ഥാനത്തിലാണ്. ഇത് നമ്മുടെ പാരമ്പര്യത്തെ തകർക്കും.

അദ്ധ്യാത്മിക പുസ്തകങ്ങളിൽ അന്നത്തെ സാഹചര്യത്തിന് അനുസരിച്ച് അക്കാലത്തെ ഭാഷയിലാണ് കാര്യങ്ങൾ വിവരിച്ചിട്ടുള്ളത്. എന്നാൽ അവയ്ക്ക് തെറ്റായ വ്യാഖ്യാനങ്ങൾ നൽകാനാണ് പലരും ശ്രമിക്കുന്നത്. സോപ്പിന്റെ പരസ്യം പോലെയാണ് മത നേതാക്കൾ മതം പ്രചരിപ്പിക്കുന്നത്. എല്ലാറ്റിന്റേയും കണ്ടന്റ് ഒന്നാണ്. എങ്കിലും ഓരോ കമ്പനിക്കാരും പറയുക ഞങ്ങളുടേതാണ് മികച്ചതെന്നാണ്. അതേപോലെയാണ് മതപുരോഹിതർ പറയുന്നത്. ഞങ്ങളുടേതാണ് നല്ലത്, ഞങ്ങളോടൊപ്പം ചേർന്നാലേ നിങ്ങൾക്ക് പരമമായ മോക്ഷം ലഭിക്കൂ എന്ന്. ഇതിനെ തിരിച്ചറിയാൻ ജനങ്ങൾക്ക് പറ്റണം. ഗുജറാത്തികൾക്ക് അത് പറ്റിയില്ല എന്നതാണ് ഇന്നത്തെ അവസ്ഥയ്ക്ക് കാരണം.

ആർ.എസ്.എസ്. പറയുന്ന ഒരു കാര്യം മുസ്‌ലിംകൾ വിദേശികളാണെന്നാണ്. അറേബ്യക്കാരാണ് എന്നാണല്ലോ. കേരളത്തിലെ നായൻമാരുടെ വംശാവലിയെപറ്റി പറയുന്ന പുരുഷോത്തമൻ നായരുടെ ഒരു പുസ്തകമുണ്ട്. അതിൽ പറയുന്നത് മെസപ്പൊട്ടോമിയ- ബാബിലോണിയ രാജ്യങ്ങളിലാണ് നായൻമാരുടെ വംശം തുടങ്ങുന്നതെന്നാണ്. അങ്ങനെ നോക്കുമ്പോൾ എല്ലാവരും വിദേശികളല്ലേ, സ്വദേശികളായി ഇവിടെ ആദിവാസി വിഭാഗം മാത്രമേ ഉണ്ടാവൂ. കുടിയേറിയ ഒരു ജനത സെക്കന്റ് ജനറേഷനോടെ തദ്ദേശീയരാവും. ചരിത്രം പഠിക്കാതെയാണ് ഹിന്ദുത്വവാദികൾ പലതും പറയുന്നത്. നമ്മളോർക്കേണ്ട ഒരു പ്രധാന വസ്തുത ഇവിടെ നിന്ന് ഒരു സമ്മാനം പോലും ഖലീഫക്കായി അറേബ്യയിലേക്ക് കൊടുത്തയച്ചിട്ടില്ല എന്നതാണ്. അതേസമയം യൂറോപ്പിലെ പല രാജാക്കന്മാരും സമ്മാനം കപ്പം കൊടുക്കുംപോലെ ഖലീഫക്കയച്ചിരുന്നു.

രണ്ടുദശകമായി ഗുജറാത്തിനെ ഒരു ഹിന്ദുത്വ പരീക്ഷണ ശാലയാക്കി മാറ്റിയിരിക്കയാണ് മോഡിയും, സംഘ്പരിവാർ ശക്തികളും. ഗുജറാത്തിന്റെ ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയുക ഗുജറാത്തി സമൂഹം രണ്ട് ദശാബ്ദക്കാലം മുമ്പ് വരെ കോൺഗ്രസിന്റെ കൂടെ ഉറച്ച് നിന്നിരുന്നു എന്നതാണ്. ഗുജറാത്തിന്റെ രൂപീകരണം മുതൽ കോൺഗ്രസ്സാണ് ഗുജറാത്ത് ഭരിച്ചിരുന്നത്. ഗാന്ധിജിയും പട്ടേലും ഒക്കെ ഉയർത്തിക്കൊണ്ടുവന്ന പാരമ്പര്യം ഗുജറാത്തിൽ കോൺഗ്രസിനുണ്ടായിരുന്നു. ദളിതു വിഭാഗം തൊട്ട് മേലെതട്ടിലുള്ളവർ വരെ കോൺഗ്രസിനൊപ്പമായിരുന്നു. ഇതിനൊരു മാറ്റം ഉണ്ടാകുന്നത് മൊറാർജിദേശായി ജനതാമോർച്ചയുമായി രംഗത്ത് വരുന്നതോടെയാണ്. 1985-ൽ ജാതി സംവരണം ഗുജറാത്തിൽ വലിയ പ്രശ്നങ്ങളുണ്ടാക്കി. ലഹളയിൽ മുന്നൂറോളം പേർ കൊല്ലപ്പെട്ടു. ഇതിനെ ശരിയായ രീതിയിൽ നിയന്ത്രിക്കാൻ കോൺഗ്രസിനായില്ല. ഗുജറാത്തിൽ മാത്രമല്ല, പലയിടത്തും കോൺഗ്രസിന് ഇടർച്ചപറ്റി. ഇത് വർഗീയ ശക്തികൾ ശരിക്ക് മുതലെടുക്കുകയും ചെയ്തു. ഷബാനു കേസിലെ വിധി അട്ടിമറിക്കുന്നതിനും അയോധ്യയിലെ ബാബ്റി മസ്

നമുക്ക് മുമ്പിലുള്ള ഈ സെക്യുലറിസ്റ്റ് മാതൃകയെ തകർക്കുകയാണ് ഹിന്ദുത്വ തീവ്രവാദികളും, മുസ്‌ലിം തീവ്രവാദികളും ചെയ്യുന്നത്. നമ്മുടെ പാരമ്പര്യമായ സെക്യുലറിസത്തെ തിരിച്ച് പിടിക്കാൻ നമുക്ക് വിശ്വാസികളുടേതായ ഒരു കൂട്ടായ്മ വേണ്ടിയിരിക്കുന്നു. അത്തരമൊരു കൂട്ടായ്മ എന്റെ സ്വപ്നമാണ്. അതിനായി ഞാനൊരു പേര് തന്നെ കണ്ട് വെച്ചിട്ടുണ്ട്. സിറ്റിസൺ ഫോർ ഡമോക്രസി ആന്റ് സെക്യുലറിസം.



*ആർ.ബി. ശ്രീകുമാർ, എൽ. തോമസ് കുട്ടി, എം.എൻ കാരശ്ശേരി* ▲

ജിദ് ശ്രീരാമ വിഗ്രഹാരാധനക്കായി തുറന്ന് കൊടുത്തും രാജീവ്ഗാന്ധി ഗവൺമെന്റ് എടുത്ത നടപടി കോൺഗ്രസ്സിൽ നിന്നും ന്യൂനപക്ഷങ്ങളെ അകറ്റാനും വർഗീയ ശക്തികൾക്ക് ആളെക്കൂട്ടാനുമാണ് സഹായിച്ചത്. അഡ്വാനിയുടെ രഥയാത്ര, ബാബ്‌രി മസ്ജിദ് തകർത്തത്, കാശ്മീരി പണ്ഡിറ്റുകളുടെ പലായനം തുടങ്ങി നിരവധി സംഗതികൾ ഇന്ത്യൻ മതേതരത്വത്തെ കീറിമുറിച്ചപ്പോൾ ഇത് ഏറ്റവും കൂടുതൽ മുറിപ്പാടുണ്ടാക്കിയത് ഗുജറാത്തിലാണ്.

കേരളത്തിലെ പോലെയല്ല ഗുജറാത്തിലെ മുസ്‌ലിം സമൂഹം. അവരെ നയിക്കാൻ കൃതമായ ഒരു നേതൃനിര ഇല്ലായിരുന്നു. വിദ്യാഭ്യാസമുള്ള ഉന്നതരാരും നേതൃരംഗത്തേക്ക് വന്നില്ല. അബ്ദുൽ ലത്തീഫിനെപ്പോലുള്ള ക്രിമിനലുകളാണ് നേതൃത്വം കൈയാളിയത്. തെരുവിൽ മദ്യം വിറ്റ് ജീവിച്ചിരുന്ന അബ്ദുൽലത്തീഫ് പെട്ടന്നാണ് അധോലോക നേതാവും മതനേതാവുമൊക്കെയാവുന്നത്. ജയിലിൽ കിടന്ന് പോലും കാര്യങ്ങൾ നിയന്ത്രിക്കാൻ തക്കശക്തി അയാൾ നേടി. വളരെ തന്ത്രപരമായിരുന്നു അബ്ദുൽലത്തീഫിനെപ്പോലുള്ളവരുടെ നീക്കങ്ങൾ. സമൂഹത്തിലെ പാവപ്പെട്ട വീട്ടിലെ ഒരു കുട്ടി ഗർഭിണിയാണെന്നറിഞ്ഞാൽ ആദ്യം ആയിരം രൂപ കൊണ്ട് കൊടുക്കും. പിന്നെ പ്രസവിച്ച ശേഷം അയ്യായിരം വീണ്ടും കൊടുക്കും. ഇങ്ങനെ ഓരോ വീട്ടുകാരേയും അവർ തങ്ങളുടെ ആളുകളാക്കി മാറ്റി.

27.2.2002-ൽ നടന്ന ഗോധ്ര തീവണ്ടി ദുരന്തം പല സംശയങ്ങളും നമുക്ക് മുമ്പിൽ അവശേഷിപ്പിക്കുന്നു. ഏതൊരു ചെറിയ കേസിനും മോക് ഡ്രിൽ നടത്തുന്ന പൊലീസ് എന്തുകൊണ്ട് ഗോധ്ര ട്രെയിൻ കത്തിക്കലിന്റെ മോക് ഡ്രിൽ നടത്തിയില്ല എന്നത് ഒരു ചോദ്യമാണ്. അന്ന് രാവിലെ 5.30-ന് എത്തേണ്ടിയിരുന്ന ട്രെയിൻ ഗോധ്രയിൽ എത്തുന്നത് 7.30-നാണ്. ട്രെയിൻ എങ്ങനെ വൈകി എന്നത് ഒരു ചോദ്യമാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം കർസേവകർ വഴിക്കുള്ള സ്റ്റേഷനുകളിലൊക്കെയിറങ്ങി മുസ്‌ലിം കച്ചവടക്കാരേയും മറ്റും ആക്രമിച്ച് ഓരോ സ്റ്റേഷനിലൂടെയും കടന്ന് പോയ്ക്കൊണ്ടിരിക്കയായിരുന്നു. ഗോധ്രയിലും അവർ അതാവർത്തിച്ചു. അവിടെ വെച്ച് മുസ്‌ലിംകൾ സംഘടിച്ച് അതിനെ എതിർത്തു. ഇതിനിടയ്ക്ക് ഒരു പെൺകുട്ടിയെ പിടിച്ച് ഇവർ എസ്-6 കമ്പാർട്ട്മെന്റിൽ കൊണ്ടുപോയി. ഇത് വലിയൊരു പ്രശ്നമായി. ഇതാണ് തീവണ്ടി കത്തിക്കലിൽ കലാശിച്ചത്. ആര് എങ്ങനെ കത്തിച്ചു എന്നത് അന്വേഷിച്ച് കണ്ടു പിടിക്കേണ്ടതാണ്.

എനിക്കൽഭുതം തോന്നിയ കാര്യം തീവെപ്പിനു 2 മണിക്കൂറിന് ശേഷം പൊലീസ് റിപ്പോർട്ട് ഇല്ലാതെ തന്നെ അഡ്വാനി ഡൽഹിയിൽ നിന്നും ഇതൊരു ദേശീയതല ഗൂഢാലോചനയുടെ ഫലമാണ് എന്ന് അനൗൺസ് ചെയ്തതിലാണ്. ഇത് സംഘ്പരിവാർ ശക്തികളുടെ ഗൂഢാലോചനയുടെ ഫലമാണെന്ന് കാണാം. പാക്കിസ്താനിൽ നിന്ന് തീവ്രവാദികൾ വന്ന് ട്രെയിൻ കത്തിച്ചെങ്കിലേ അതൊരു രാഷ്ട്രീയ ആയുധമാക്കാനാവൂ. 59 ഹിന്ദുക്കൾ ഗോധ്രയിൽ തീവണ്ടിയിൽ കത്തി മരിച്ചപ്പോൾ, ഹിന്ദുക്കളെ വർഗീയമായി സംഘടിപ്പിക്കുന്നതിനായി നരേന്ദ്രമോഡി ഗവൺമെന്റ് ഹിന്ദുക്കളുടെ മരണത്തിലുള്ള വേദനയേ

യും അമർഷത്തേയും ഒക്കെ ചിട്ടപ്പെടുത്തി മുസ്‌ലിംകൾക്ക് നേരെയുള്ള ആക്രമണമായി മാറ്റുകയായിരുന്നു.

നിങ്ങൾ ആദ്യം മനസ്സിലാക്കേണ്ടത് മോഡിയാണ് ആർ.എസ്.എസ് പ്രചാരകരിൽ നിന്നും വന്ന ആദ്യ മുഖ്യമന്ത്രി എന്നതാണ്. പ്രചാരകർ എന്നാൽ വളരെ ട്രെയിൻഡ് ആണ്. അവന്റെയുള്ളിൽ ഉള്ള മുസ്‌ലിം വിരോധം വർഷങ്ങളായി കുത്തിവെച്ചിട്ടുള്ളതാണ്. അവർക്ക് ഒരിക്കലും മുസ്‌ലിംകളുമായി പൊരുത്തപ്പെടാനാവില്ല. ഞാൻ മുസ്‌ലിം സുഹൃത്തുക്കളോട് പറയാറുണ്ട്, ആർ.എസ്.എസ് അധികാരത്തിൽ കയറിയാൽ മുസ്‌ലിംകളുടെ സ്ഥാനം എട്ടാമത്തേതായിരിക്കുമെന്ന്. ആദ്യം ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, എന്നിങ്ങനെ പോയി ഷെഡ്യൂൾഡ് കാസ്റ്റും, ട്രൈബ്സും കഴിഞ്ഞതിന് ശേഷമായിരിക്കും മുസ്‌ലിംകളുടെ സമൂഹത്തിലെ സ്ഥാനം.

ഗോധ്ര സംഭവത്തിന് ശേഷം ഗുജറാത്തിൽ മുസ്‌ലിംകൾക്ക് നേരെ നടന്നത് വളരെ സംഘടിതമായ ഭരണകൂട-സംഘ്പരിവാർ ആക്രമണമായിരുന്നു. ഇതിന്റെ ഏറ്റവും വലിയ തെളിവാണ് കലാപത്തിലും, പൊലീസ് വെടിവെപ്പിലും ഏറ്റവും കൂടുതൽ കൊല്ലപ്പെട്ടത് മുസ്‌ലിംകളാണ് എന്നത്. വ്യക്തമായ പ്ലാനിങ്ങോടുകൂടിയാണ് സംഘ്പരിവാർ കലാപത്തിന് തുടക്കമിട്ടത്. മതമേതെന്ന് മനസ്സിലാക്കാനായി എല്ലാ വീടുകൾക്ക് മുമ്പിലും അവർ സിഗ്നൽ അടിച്ചുവെച്ചു. അതേപോലെ എല്ലാ കൊമേഴ്സ്യൽ സ്ഥാപനങ്ങളും ഐഡന്റിഫൈ ചെയ്തു വെച്ചു. അതുകൊണ്ടാണ് ബാറ്റ ആക്രമിക്കപ്പെട്ടത്. ബാറ്റയുടെ അറുപത് ശതമാനത്തിലധികം ഓഹരിയും ഒരു മേമൻ കുടുംബത്തിന്റേതാണ്. ഏതെല്ലാം ഹോട്ടലുകളാണോ മുസ്‌ലിംകൾ നടത്തുന്നത്, അവയെല്ലാം ആക്രമിക്കപ്പെട്ടു. വീടുകളും വ്യാപാര സ്ഥാപനങ്ങളുമെല്ലാം തിരഞ്ഞുപിടിച്ച് ആക്രമിക്കുകയായിരുന്നു. ഹിന്ദുരാഷ്ട്രത്തിന് തടസ്സമായിട്ടുള്ള മുസ്‌ലിംകളെ ആദ്യം നശിപ്പിക്കുകയാണവർ ചെയ്തത്. എനിക്കുറപ്പുണ്ട് അടുത്തത് അവർ കൈയോങ്ങുക കമ്മ്യൂണിസ്റ്റുകൾക്ക് നേരെയായിരിക്കും.

കലാപത്തിലൂടെ അഹമ്മദാബാദ്, ഗോധ്ര, ആനന്ദ, മെഹ്സാന, സബർഖണ്ഡ് എന്നിവിടങ്ങളിലായി രണ്ടായിരത്തോളം പേർ കൊല്ലപ്പെടുകയും, കോടിക്കണക്കിന് രൂപയുടെ സ്വത്തുക്കൾ കൊള്ളയടിക്കപ്പെടുകയും ചെയ്തു. കലാപക്കേസുകൾ കൈകാര്യം ചെയ്ത സമയത്ത് സുപ്രീം കോടതി നിരീക്ഷിച്ചത് കലാപസമയത്ത് ഗുജറാത്ത് ഭരണകൂടം നീറോ ചക്രവർത്തിയെപ്പോലെ പെരുമാറി എന്നാണ്.

പൊലീസ് ആക്ടിനേയും പൊലീസ് മാന്വലിനേയും ഒക്കെ ലംഘിക്കാൻ ബ്യൂറോക്രസിയേയും പൊലീസിനേയും നിർബന്ധിച്ചുകൊണ്ട് മുസ്‌ലിംകളെ തിരഞ്ഞ് പിടിച്ച് ആക്രമിക്കാൻ പ്രേരിപ്പിക്കുകയാണ് മോഡി ഗവൺമെന്റ് ചെയ്തത്. ഗവൺമെന്റിന്റെ ഒത്താശയോടെ ചെയ്ത നരഹത്യയായിരുന്നു ഗുജറാത്തിലേത്. ട്രെയിൻ കത്തിയ അന്ന് വൈകുന്നേരം മോഡി ഓഫീസേഴ്സിന്റെ മീറ്റിംഗ് വിളിച്ച് പറഞ്ഞത് ഇപ്രകാരമാണ്. ഹിന്ദുക്കളുടെ പ്രതികാരാഗ്നി മൂന്ന് ദിവസം കത്തി ജ്വലിക്കും എന്ന്. ഇങ്ങനെ കലാപത്തെ മോഡി നേരിട്ട് ആശീർവദിച്ച് വിടുകയായിരുന്നു.


ഗുജറാത്തിൽ എല്ലാ ഉദ്യോഗസ്ഥർക്കും മോഡിയെ ഭയമാണ്. അതിനാൽ മോഡിക്കെതിരെ ആരും വാ തുറക്കില്ല. മോഡിക്കെതിരെ ശക്തമായ തെളിവുമായി വന്ന സഞ്ജീവ്ഭട്ടിനെ പിടിച്ച് ജയിലിലിട്ടത് കണ്ടില്ലേ. ഭട്ട് ഗുജറാത്തിയാണ്. പ്രാദേശികമായി നിരവധി സപ്പോർട്ടുകൾ കിട്ടും, നാടിന്റേയും സമൂഹത്തിന്റേയും. യു.പി.എ ഗവൺമെന്റ് വിചാരിച്ചിട്ട് പോലും ഭട്ടിനെ പുറത്തിറക്കാൻ ആയില്ലല്ലോ. ഗുജറാത്തിൽ ഒരു കല്ല്യാണത്തിന് പോലും എന്നെ ആരും വിളിക്കാറില്ല. എല്ലാവർക്കും മോഡിയെ പേടിയാ. ആളുകളെല്ലാം സ്വകാര്യമായി എന്നോട് സംസാരിക്കും. അടിയന്തരാവസ്ഥ പ്രഖ്യാപിക്കാതെ തന്നെ എങ്ങനെ ഒരു സംസ്ഥാനത്ത് മുഖ്യമന്ത്രിക്ക് അടിയന്തരാവസ്ഥ നടപ്പിലാക്കാമെന്നാണ് മോഡി കാണിച്ചത്. മോഡിയുമായി യുദ്ധം ചെയ്യാനുള്ള ശക്തി എനിക്ക് പകർന്നത് എന്റെ ഹോണസ്റ്റിയെക്കുറിച്ചുള്ള ക്രെഡിബിലിറ്റിയാണ്. ഞാൻ മോഡിയുടെ ഓഫീസിൽ നിന്ന് ഒരു കിലോ മീറ്റർ അകലത്തിലാണ് താമസിച്ചിരുന്നത്. ഞാൻ എട്ട് ജില്ലയിൽ എസ്.പി. ആയിരുന്നിട്ടുണ്ട്. എന്നെ കുടുക്കാൻ മോഡി പല സ്പെഷ്യൽ ടീമിനേയും അയച്ചിരുന്നു. ഒന്നും വിജയം കണ്ടില്ല. ഞാൻ നേരിട്ട വലിയ പ്രതിസന്ധി ഞാൻ ഗുജറാത്തുകാരൻ അല്ല എന്നതാണ്. അതിനാൽ തന്നെ പ്രാദേശികമായ ഒരു സപ്പോർട്ടും എനിക്ക് ലഭിച്ചില്ല. യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നില്ലായിരുന്നെങ്കിൽ ഒരുപക്ഷേ ഞാനിപ്പം ജയിലിലായേനേ.

ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട് എട്ട് അഫിഡവിറ്റ് ഞാൻ കൊടുത്തിട്ടുണ്ട്. കലാപത്തിൽ ഏതെല്ലാം രീതിയിൽ സംഘ്പരിവാർ ശക്തികൾക്കൊപ്പം ഗവൺമെന്റ് പങ്കെടുത്തു എന്നതിന് വ്യക്തമായ തെളിവുകളുമുണ്ട്. ഗോധ്ര ട്രെയിൻ ദുരന്തത്തിൽ മരിച്ചവരുടെ ശവശരീരങ്ങൾ ബന്ധുക്കൾക്ക് വിട്ട് കൊടുക്കാതെ വി.എച്ച്.പി പ്രവർത്തകർക്ക് നൽകിയതും വർഗീയ സംഘർഷമുണ്ടാകാൻ സാധ്യതയുള്ള അഹമ്മദാബാദ് നഗരത്തിലൂടെ വിലാപയാത്ര നടത്താൻ അനുവദി



ച്ചു എന്നതുമാണ് മോഡി ഗവൺമെന്റ് ചെയ്ത ഒരു വലിയ തെറ്റ്; ലഹള പൊട്ടിപ്പുറപ്പെട്ടപ്പോൾ ഉയർന്ന പൊലീസുദ്യോഗസ്ഥരിൽ പലരും ലഹള അടിച്ചമർത്തുന്നതിന് നിർദ്ദേശം കൊടുക്കാതെ നിഷ്ക്രിയരായി നിന്നു. അതേപോലെ പൊലീസ് റെക്കാർഡിലെ സുപ്രധാനമായ രേഖകൾ, ടെലിഫോൺ വിളിയുടെ വിശദാംശങ്ങൾ എന്നിങ്ങനെയുള്ള രേഖകൾ പ്രതികളെ രക്ഷിക്കാനായി പൊലീസ് നശിപ്പിച്ചു, ലഹളകളുടെയൊന്നും വീഡിയോഗ്രാഫിയും ഫോട്ടോഗ്രാഫിയും തയ്യാറാക്കാൻ പൊലീസ് ശ്രമിച്ചില്ല, ലഹളക്കാരോട് അനുകൂലമായ സമീപനം സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും ശിക്ഷിക്കുകയും ചെയ്തു. ലഹളകളെ സപ്പോർട്ട് ചെയ്ത ഉദ്യോഗസ്ഥർക്ക് നല്ല പോസ്റ്റിംഗ് നൽകുകയും റിട്ടയർമെന്റിന് ശേഷവും പല ചുമതലകളും നൽകുകയും ചെയ്തു. ഇത്തരത്തിലാണ് 2002-ൽ നടന്ന ഗുജറാത്ത് കലാപത്തോടുള്ള ഗവൺമെന്റ് സമീപനം.

ഗവൺമെന്റിന്റെ കലാപാനുകൂല നിലപാടിന്റെ ഏറ്റവും വലിയ ഇര ഹസ്രത്ത് ജിഫ്രി എന്ന എം.പി.യായിരുന്നു.



*ഗോധ്രയിൽ അഗ്നിക്കിരയാക്കിയ ട്രെയിൻ* ▲

ജിഫ്രിയെ എനിക്ക് വളരെ നന്നായി അറിയാം. അദ്ദേഹം ആദ്യം സി.പി.ഐ. ആയിരുന്നു. പിന്നെ കോൺഗ്രസിൽ ചേർന്നു. സംഘ്പരിവാറിന്റേയും മോഡിയുടേയും പ്രധാന ശത്രു ഇദ്ദേഹമായിരുന്നു. കോൺഗ്രസിന്റെ പ്രഗൽഭനായ നേതാവായിരുന്നു അദ്ദേഹം. കലാപം ഉണ്ടായപ്പോൾ അദ്ദേഹം വീട്ടിൽ തന്നെ നിന്നു. അയൽക്കാർക്ക് സംരക്ഷണം കൊടുത്തു. അദ്ദേഹം കരുതി ഞാൻ എം.പി.യല്ലേ, പൊലീസ് സംരക്ഷണം കിട്ടുമെന്ന്. പൊലീസ് സംരക്ഷണത്തിനായി അദ്ദേഹം മോഡിയെ വിളിച്ചു, സോണിയാഗാന്ധിയെ വരെ ഡൽഹിക്ക് വിളിച്ചു. പോലീസിനെ അയക്കാമെന്ന് പറഞ്ഞു, അയച്ചില്ല. പൊലീസിന് പകരം കലാപകാരികളെ അങ്ങോട്ടയച്ചു. വെട്ടി നുറുക്കി അദ്ദേഹത്തെ കത്തിച്ച് കളഞ്ഞു. വളരെ പൈശാചികമായാണ് കലാപകാരികൾ മുസ്‌ലിംകളോട് പെരുമാറിയത്. ആറും ഏഴും വയസ്സുള്ള കുട്ടികളെയൊക്കെ പിച്ചിച്ചീന്തുകയായിരുന്നു അവർ. ഗർഭിണികളുടെ വയർകീറി കുട്ടികളെ പുറത്തെടുത്തു ചുട്ടുകൊന്നു. ഇത്തരം പലതിന്റേയും ഫോട്ടോകൾ പേഴ്സനലായി ഞാൻ കണ്ടിട്ടുണ്ട്. ശവശരീരങ്ങളെപ്പോലും കലാപകാരികൾ ബലാൽസംഗം ചെയ്തു. ഒരു ബി.ജെ.പി നേതാവായ ലേഡിയാണ് ഇതിന് മേൽനോട്ടം വഹിച്ചത്. ആരുടെയോ 'പ്രീ പ്രോഗ്രാംമ്ഡ് റോബോട്ടു'കളായാണ് ആളുകൾ പെരുമാറിയത്. ഇതിലെ ഏറ്റവും വലിയ സങ്കടം കലാപ സമയത്തൊന്നും ഇതിനെ കൗണ്ടർ ചെയ്യാൻ സെക്യുലർ ഗ്രൂപ്പുകളൊന്നും രംഗത്ത് വന്നില്ല എന്നതാണ്.

2002-ലെ കലാപത്തിന് ശേഷം വ്യാജ ഏറ്റുമുട്ടലുകളുടെ ഒരു പ്രവാഹമായിരുന്നു ഗുജറാത്തിൽ. എവിടെ വച്ചും ആരും കൊല്ലപ്പെടുന്ന അവസ്ഥ. 2002-നും 2007-നും ഇടയിൽ വ്യാജ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടവർ ഇരുപതാണ്. മുഖ്യമന്ത്രിയുടെ മന:സാക്ഷി സൂക്ഷിപ്പുകാരായ മൂന്ന് ഐ.പി.എസ് ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തതിന് ശേഷമാണ് വ്യാജ ഏറ്റുമുട്ടലുകൾ അവസാനിച്ചത്. ഓരോ ഏറ്റുമുട്ടലിന് ശേഷവും ഗവൺമെന്റ് പത്രക്കുറിപ്പ് ഇറക്കുകയും മുഖ്യമന്ത്രിയെയോ മറ്റ് നേതാക്കന്മാരെയോ കൊല്ലാൻ വന്നവരായിരുന്നു ഇവരെന്നും വ്യാജപ്രചരണ നടത്തിയിരുന്നു. ഏതായാലും സൊറോബുദ്ദീൻ കേസിൽ ഐ.പി.എസുകാർ പിടിക്കപ്പെട്ടതോടെ ഏറ്റുമുട്ടലിന്റെ ചരിത്രവും തീർന്നു.

മോഡിയുമായുള്ള ഇഷ്യൂ ഉണ്ടായപ്പോൾ പലരും എന്നോട് പറഞ്ഞു, എന്തിനാ വെറുതെ റിസ്കെടുക്കുന്നേ, പ്രമോഷനും മറ്റും പോവില്ലേന്ന്. ചെറുപ്പക്കാരാണ് ഇങ്ങനെ പറഞ്ഞതെന്നതാ സങ്കടം. അറുപതിന് മുകളിൽ പ്രായമുള്ളവർ മാത്രമാണ് എന്നെ സപ്പോർട്ട് ചെയ്തത്. പ്രമോഷനും, പണത്തിനും വേണ്ടി എന്ത് തെണ്ടിത്തരത്തിനും കൂട്ട് നിൽക്കും എന്ന ചെറുപ്പക്കാരുടെ മനോഭാവം വളരെ സങ്കടമുണ്ടാക്കുന്ന ഒന്നാണ്. വർഗീയത ഭാവിയുടെ ശാപമാണ്. ബോധവത്കരണത്തിലൂടെ മാത്രമേ വർഗീയതയെ ഫലപ്രദമായി തടയാൻ സാധിക്കൂ.

*(21.11.11.ന് കാലിക്കറ്റ് സർവ്വകലാശാലാ മലയാള വിഭാഗം സെമിനാർ ഹാളിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്)* ■